**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - അയർകുന്നം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ഡേവിഡ് പി. ജോണിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

## തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.815/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 22.03.2015

==========================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 20.07.2011-ലെ ഇ 5-(എസ് സി 6/2011/കെടിഎം) 9852/2011 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 23.09.2011-ലെ 7714/ഡി3/2011/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 26.11.2011-ലെ 53754/ഇപിബി2/2011/തസ്വഭവ നമ്പർ കുറ്റപത്രം
4. ശ്രീ. ഡേവിഡ് പി. ജോൺ സമർപ്പിച്ച 12.03.2012 തീയതിയിലെ പ്രതിവാദ പത്രിക
5. പഞ്ചായത്ത് ഡയറക്ടറുടെ 29.11.2013-ലെ ഡി5-325/12 നമ്പർ കത്ത്

## ഉത്തരവ്

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 24.05.2011-ൽ അയർകുന്നം ഗ്രാമപഞ്ചയത്ത് ഓഫീസിൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ട് പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു. വിജിലൻസ് പരിശോധനയിൽ ശ്രീ. ബിജു വിൽസൺ എന്നയാൾ നടത്തിയ അനധികൃത നിർമ്മാണ പ്രവർത്തനത്തിനെതിരെ നടപടി സ്വീകരിക്കാതിരിക്കുകയും ഇതു സംബന്ധിച്ച് സീനിയർ ടൗൺ പ്ലാനർ (വിജിലൻസ്) നൽകിയ നിർദ്ദേശങ്ങൾ അവഗണിക്കുകയും ചെയ്ത അയർകുന്നം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ഡേവിഡ് പി. ജോണിനെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കാൻ ശുപാർശ ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ പരാമർശം (3) പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നല്കി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. കുറ്റപത്രത്തിന് ശ്രീ. ഡേവിഡ് പി. ജോൺ പരാമർശം (4) പ്രകാരം ചുവടെ ചേർക്കുംപ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചു

ശ്രീ. ബിജു വിൽസൺ മാടത്താനിക്ക് തന്റെ ഉടമസ്ഥതയിൽപ്പെട്ട സ്ഥലത്ത് ഒരു കെട്ടിടം നിർമ്മിക്കുന്നതിന് സെക്രട്ടറിയുടെ ചാർജ്ജ് വഹിച്ചിരുന്ന ജൂനിയർ സൂപ്രണ്ട് ശ്രീ. ടി. ജി. ശിവദാസൻ നായർ നിർമ്മാണാനുമതി നൽകുകയും നിർമ്മാണത്തിനു ശേഷം അതിന് സെക്രട്ടറി ടാക്സ് നിശ്ചയിച്ച് നല്കുകയുണ്ടായി. പ്രസ്തുത കെട്ടിടത്തിന് മുകളിൽ ഒരു നിലകൂടി പണിയുന്നതിന് ടി സെക്രട്ടറി നിർമ്മാണാനുമതി നല്കിയിരുന്നു. എന്നാൽ ഈ നിർമ്മാണാനുമതിയിൽ പറഞ്ഞിരുന്ന കാര്യങ്ങളിൽനിന്ന് പൂർണ്ണമായി വ്യതിചലിച്ച് നിലവിലെ കെട്ടിടത്തോട് ചേർന്ന് ഒരു മുറിയും അതിന് മുകളിൽ ഒരു ബാൽക്കണി മുറിയും പണിയുകയുണ്ടായി. 24/5/2011-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനിയറോട് സ്ഥല പരിശോധന നടത്തി അനധികൃത നിർമ്മാണത്തിന്റെ മഹസ്സർ റിപ്പോർട്ട് നല്കുന്നതിന് നിർദ്ദേശം നല്കുകയും അതിന്റെ അടിസ്ഥാനത്തിൽ 25/5/11-ൽ റിപ്പോർട്ട് നല്കുകയുമുണ്ടായി. അന്നുതന്നെ ശ്രീ. ബിജു വിൽസൺ മാടത്താനിക്ക് സ്റ്റോപ്പ് മെമ്മോ നല്കുകയും 31/5/2011 ൽ 4(7) തീരുമാനപ്രകാരം അനധികൃത നിർമ്മാണം പൊളിച്ചു നീക്കം ചെയ്യുന്നതിന് നോട്ടീസ് നല്കുകയുമുണ്ടായി. 16/6/2011 ൽ എൽ.എസ്.ജി.ഡി. സെക്രട്ടറിക്കും 16/6/2011-ൽ ടൗൺ പ്ലാനർക്കും ഇതു സംബന്ധിച്ചുള്ള നടപടി ക്രമങ്ങൾ റിപ്പോർട്ട് ചെയ്യുകയും ചെയ്തിരുന്നു 22/6/2011-ൽ വിൽസണു വേണ്ടി അഡ്വക്കേറ്റ് ഷിബി അലക്സ് മറുപടി നല്കി. 2/8/2011-ൽ പെർഫോർമൻസ് ഓഡിറ്റ് സൂപ്പർ വൈസർ കുമാരനല്ലൂരിന് റിപ്പോർട്ടും സമർപ്പിച്ചു 2/9/2011 ൽ 18183/RA3/11/LSGD നമ്പർ

കത്ത് പ്രകാരം പൊളിച്ചു മാറ്റുന്നതിന് ഗവൺമെന്റ് നിർദ്ദേശം നൽകുകയും 30/9/2011 ൽ VI നമ്പർ തീരുമാനപ്രകാരം അനധികൃത നിർമ്മാണം പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകുകയും 17/10/2011 ൽ പൊളിച്ചുമാറ്റൽ ഉത്തരവ് കക്ഷിക്ക് നൽകുകയുമുണ്ടായി. 17/11/2011 ൽ തിരുവനന്തപുരം ട്രിബ്യൂണൽ കോടതി മുമ്പാകെ ശ്രീ. ബിജു വിത്സൻ ഡി 2180/11 നമ്പറായി ഫയൽ ചെയ്യുകയും ബഹു കോടതി സെക്രട്ടറിയുടെ നടപടികൾക്ക് താൽക്കാലിക സ്റ്റേ നൽകിയിരുന്നതുമാകുന്നു. ഈ വിവരം 14/12/11 ൽ തദ്ദേശ സ്വയംഭരണ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിരുന്നു.

ഈ അനധികൃത നിർമ്മാണത്തിനെതിരെ പഞ്ചായത്ത് ഓഫീസിൽ പരാതികളൊന്നും ലഭിച്ചിരുന്നില്ല എന്നും ഇതിനെക്കുറിച്ച് ശ്രീ. ബിജു വിൽസന്റെ അയൽവാസിയായ ശ്രീ. ടി.പി.കുഞ്ഞൂഞ്ഞ് സീനിയർ ടൗൺ പ്ലാനർ (വിജിലൻസ്), സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവർക്ക് നൽകിയ പരാതിയിന്മേൽ നടപടി സ്വീകരിക്കുന്നതിന് സി-538/11 തീയതി 6/4/2011/ Town Planner- കോട്ടയം, 18183/RA3/2011/LSGD തീയതി 29/3/2011 എന്നീ നമ്പറുകളായി രണ്ട് കത്തുകൾ ഓഫീസിൽ ലഭിച്ചിരുന്നുവെന്നും ടിയാൻ അറിയിക്കുകയുണ്ടായി.

ടി പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (6) പ്രകാരം നൽകിയ റിപ്പോർട്ടിൽ കുറ്റാരോപണ പത്രികയിൽ പരാമർശിക്കുന്ന തരത്തിലുള്ള ഒരു കത്ത് പഞ്ചായത്ത് ഓഫീസിൽ ലഭിച്ചിട്ടില്ലെന്നും പരാതിക്കാസ്പദമായ കെട്ടിടം പരിശോധിച്ച് ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം റിപ്പോർട്ട് നൽകുന്നതിനാണ് ആവശ്യപ്പെട്ടിരുന്നതെന്നും ഇതിന് പഞ്ചായത്ത് സെക്രട്ടറി യഥാസമയം മറുപടി നൽകിയിരുന്നുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീ. ഡേവിഡ് പി. ജോൺ സമർപ്പിച്ച പ്രതിവാദപത്രികയുടെയും ടിയാൻ സമർപ്പിച്ച രേഖകളുടേയും പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു ശ്രീ. ബിജു വിൽസന്റെ അനധികൃത നിർമ്മാണത്തിനെതിരെ പഞ്ചായത്ത് സെക്രട്ടറി ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിരുന്നതായി വ്യക്തമാകുന്നതാണ്. ഈ സാഹചര്യത്തിൽ അയർകുന്നം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ഡേവിഡ്. പി. ജോണിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടിയിൽനിന്ന് ടിയാനെ കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

ജോയിന്റ് സെക്രട്ടറി

1. ശ്രീ. ഡേവിഡ് പി. ജോൺ, സെക്രട്ടറി, അയർകുന്നം ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വിജിലൻസ് വകുപ്പ് (യു.ഒ റിമാർക്സ് നം.265/ഡി3/2017/വിജി. തീയതി 06.02.2017 പ്രകാരം)
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.53574/ഇപിബി2/2011/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ